
# പ്രത്യാശ നഷ്ടപ്പെടുത്തരുത്



**അഷീഷ് റായിച്ചൂർ**

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: നവംബർ 2012

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

സമ്പർക്ക വിവരം:
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്
നമ്പർ 7എം-319, സെക്കന്റ് ഫ്ളോർ, സെക്കന്റ് ബ്ലോക്ക്
എച്ച്.ആർ.ബി.ആർ. ലേ-ഔട്ട്, കല്യാൺ നഗർ, ബാംഗ്ലൂർ 560 043
കർണ്ണാടക, ഇൻഡ്യ

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു
ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ
നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Don't Lose Hope)

# പ്രത്യാശ നഷ്ടപ്പെടുത്തരുത്

# ഉള്ളടക്കം


1. ജീവിതം എല്ലായ്പ്പോഴും എളുപ്പമായതല്ല ............ 1

2. പ്രത്യാശ - നമ്മുടെ ക്രിസ്തീയജീവിതത്തിലെ
   അതിപ്രധാനമായ ഒരു ഭാഗം .................................... 4

3. പ്രത്യാശയുടെ പ്രാധാന്യം ......................................... 6

4. പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റുവട്ടത്തിൽ
   തിരിക്കുന്ന ദൈവം ....................................................... 9

5. പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിൽ
   പ്രത്യാശ ഉണ്ടാകേണ്ടതിന്റെ അടിസ്ഥാനം ........... 15

6. പ്രത്യാശയില്ലാത്ത ഒരു സാഹചര്യത്തിന്റെ ........... 22
   നടുവിൽ ഞാൻ എന്താണ് ചെയ്യേണ്ടത്?

## 1

# ജീവിതം എല്ലായ്പ്പോഴും എളുപ്പമായതല്ല

നമ്മൾ എല്ലാവരും ജീവിതത്തിന്റെ യാത്ര തുടങ്ങുന്നത്, അനേകം സ്വപ്നങ്ങളും, ലക്ഷ്യങ്ങളും, അഭിലാഷങ്ങളും, ആകാംക്ഷകളും കൊണ്ടാണ്. വളരെ വലുതായ ഒരു വിവേകത്തിന്റെ വികാരവിക്ഷോഭത്തോടെ, നമ്മൾ എന്താണ് ചെയ്യേണ്ടത്, എന്നതിനെക്കുറിച്ചുള്ള പദ്ധതികൾ ഉണ്ടാക്കുന്നു, നമ്മൾ എവിടെ പോകാൻ ആഗ്രഹിക്കുന്നുവെന്നും, ജീവിതത്തിൽ നമ്മൾ എന്തായിത്തീരണം എന്നാഗ്രഹിക്കുന്നുവെന്നും. എന്നാൽ യാത്രയുടെ ചിലയിടത്ത്, കോളുള്ള കാലാവസ്ഥയിലേക്ക് നമ്മൾ ഓടുമെന്നത് തീർച്ചയാണ്. ജീവിതം എല്ലായ്പ്പോഴും എളുപ്പമായതല്ല. നമ്മൾ പലപ്പോഴും ആഗ്രഹിക്കും, ജീവിതം ഒരു കഥപുസ്തകം പോലെ ലഘുവായിരുന്നുവെങ്കിലെന്ന്, എന്നാൽ എല്ലായ്പ്പോഴും ആ വിധത്തിൽ ആയിരിക്കത്തില്ല. അപ്രതീക്ഷിതമായ വെല്ലുവിളികളും, വൈഷമ്യങ്ങളും, പരിതഃസ്ഥിതികളും വഴികളിൽ പെട്ടെന്നു പ്രത്യക്ഷപ്പെടുന്നു. ഇതുപോലെയുള്ള സമയങ്ങളിലാണ് നമ്മുടെ ലക്ഷ്യങ്ങളും സ്വപ്നങ്ങളും വഴുതിപ്പോകുന്നു എന്നു കാണുന്നത്. ചില സമയങ്ങളിൽ, നമ്മൾ നമ്മളെത്തന്നെ, മിക്കവാറും പ്രത്യാശയില്ലെന്നു കാണുന്ന സന്ദർഭങ്ങളുടെ നടുവിലാണെന്നു കണ്ടുപിടിച്ചേക്കാം. നമുക്കു പ്രത്യാശ നഷ്ടമായി പോയേക്കാം. നമ്മൾ ഉപേക്ഷിച്ചു പോയേക്കാം. നമ്മൾ ചിന്തിക്കുവാൻ തുടങ്ങുന്നു “ഇത് ഒരിക്കലും ചെയ്യാൻ എന്നെക്കൊണ്ട് കഴിയത്തില്ല, അല്ലെങ്കിൽ എന്റെ ലക്ഷ്യത്തിലെത്തുവാൻ എനിക്ക് ഒരിക്കലും കഴിയത്തില്ല.” ഒരിക്കലും നമ്മുടെ ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയത്തില്ല എന്നതിനെക്കുറിച്ച് നമ്മൾ നൈരാശ്യം ഉള്ളവരായിത്തീരുന്നു.

ചില സമയങ്ങളിൽ, ജീവിതം അപ്രതീക്ഷിതമായി തിരിക്കുന്ന സന്ദർഭങ്ങളിലേക്ക് എടുക്കപ്പെടാറുണ്ട്, നമ്മൾ പൂർണ്ണമായും തയ്യാറാക്കാത്തവിധത്തിൽ, അവ അവയെത്തന്നെ കാഴ്ചവെക്കുന്നു. നമ്മൾ വീഥിയുടെ അവസാനത്തിലാണെന്ന് നമ്മളെത്തന്നെ കണ്ടുപിടിച്ചേക്കാം, എവിടേക്കും തിരിയുവാൻ സാധിക്കാത്ത വിധത്തിൽ. നിങ്ങളിൽ ചിലർ, ഈ പുസ്തകം വായിക്കുന്നവർ, യഥാർത്ഥമായും പ്രത്യാശയില്ലാത്ത ഒരു സന്ദർഭത്തിന്റെ നടുവിൽ ആയിരിക്കാം. ഇത് ചിലപ്പോൾ നിങ്ങളുടെ ജോലിയെയോ, ജീവിതഗതിയെയോ, വിദ്യാഭ്യാസത്തെയൊ, വീടിനെയോ, വിവാഹത്തെയോ, കുടുംബത്തെക്കുറിച്ചോ ആയിരിക്കുവാൻ കഴിയും. ജീവിതത്തിൽ അനേകം കാര്യങ്ങൾ ക്രമവിരുദ്ധമായിപ്പോയേക്കാം. എന്നാൽ, ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കട്ടെ, വേദപുസ്തകത്തിലെ ദൈവം, മരിച്ചവർക്കു ജീവൻ കൊടുക്കുന്നതിന് പ്രത്യേകാഭ്യാസം ചെയ്യുന്നു - മരിച്ചു എന്നും പ്രത്യാശയില്ലെന്നും തോന്നുന്ന ചുറ്റുപാടുകൾക്കും സന്ദർഭങ്ങൾക്കും. ദൈവം പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റുവട്ടത്തിൽ ആക്കുവാൻ പ്രത്യേകാഭ്യാസം ചെയ്യുന്നു. ആമേൻ! അവനെ നിങ്ങളുടെ വശത്തു വെച്ചുകൊണ്ട്, നിങ്ങൾക്ക് പ്രത്യാശക്ക് എതിരായി പ്രത്യാശിക്കാം. എല്ലാം പ്രത്യാശയില്ലാത്തതായി കാണുമ്പോൾ പോലും, നിങ്ങൾക്ക് വിജയിയായി പുറത്തുവരാൻ കഴിയും. ഈ പുസ്തകം ലഘുവായ പ്രോത്സാഹിപ്പിക്കലിന്റെ വചനങ്ങളെ കൊണ്ടുവരുന്നു, നമ്മുടെ പ്രത്യാശ നഷ്ടപ്പെടുത്തരുതെന്ന് നമ്മളെ അനുശാസിക്കുന്നു.

## പ്രത്യാശ വേണ്ടതിന്റെ പ്രാധാന്യം

പ്രത്യാശ വേണ്ടത് ഏറ്റവും അധികമായി പ്രാധാന്യമുള്ളതാകുന്നു. "പ്രത്യാശയാൽ" നമ്മൾ അർത്ഥമാക്കുന്നത്, പ്രതീക്ഷ, കാത്തിരിക്കൽ, നമ്മൾ മുൻപോട്ട് നോക്കുന്ന ചിലത്, ഒരു ആഗ്രഹം, ഒരു സ്വപ്നം അല്ലെങ്കിൽ ഒരു അഭിലാഷം എന്നൊക്കെയാണ്. ക്രിസ്തീയജീവിതത്തിലെ അതിപ്രധാനമായ ഒരു

വീക്ഷണമാണ് പ്രത്യാശ. നമ്മുടെ ക്രിസ്തീയ നടപ്പിലെ അതിപ്രധാനമായ മൂന്നു കാര്യങ്ങളെക്കുറിച്ച് വേദപുസ്തകം പ്രസ്താവിക്കുന്നു - അവയിൽ ഒന്നാണ് പ്രത്യാശ.

"ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നെ" (1 കൊരിന്ത്യർ 13:13).

വേദപുസ്തകത്തിലെ ദൈവം മരിച്ചവർക്കു ജീവൻ കൊടുക്കുന്നതിന് പ്രത്യേകാഭ്യാസം ചെയ്യുന്നു - മരിച്ചു എന്നും പ്രത്യാശ ഇല്ലെന്നും തോന്നുന്ന ചുറ്റുപാടുകൾക്കും സന്ദർഭങ്ങൾക്കും. ദൈവം പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റുവട്ടത്തിൽ ആക്കുവാൻ പ്രത്യേകാഭ്യാസം ചെയ്യുന്നു!

## 2

# പ്രത്യാശ – നമ്മുടെ ക്രിസ്തീയജീവിതത്തിലെ അതിപ്രധാനമായ ഒരു ഭാഗം

വിശ്വാസികൾ എന്ന നിലക്ക്, വരുവാനിരിക്കുന്ന അനേകം കാര്യങ്ങളിൽ നമ്മൾ പ്രത്യാശ വെക്കുന്നു.

## നിത്യജീവന്റെ പ്രത്യാശ

“ഭോഷ്കില്ലാത്ത ദൈവം സകലകാലത്തിനും മുമ്പെ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശ ഹേതുവായി (തീത്തോസ് 1:2).

നമ്മൾ നിത്യജീവനുവേണ്ടി പ്രത്യാശ വെക്കുന്നു. ക്ഷണനേരം, നിത്യജീവൻ നമുക്ക് ആത്മാവിലുള്ള ചിലതാണ്, നമ്മൾ മുമ്പോട്ട് നോക്കിയിരിക്കുന്ന ചിലതും കൂടിയാണ്.

## മഹത്വത്തിന്റെ പ്രത്യാശ

“അവരോട് ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്ന് അറിയിപ്പാൻ ദൈവത്തിന് ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ” (കൊലൊസ്യർ 1:27).

ക്രിസ്തു നമ്മളിൽ, നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയാകുന്നു. വരുവാനുള്ള ലോകത്തിലെ ജീവിതത്തിൽ അവൻ നമ്മുടെ പ്രത്യാശയാകുന്നു, നമ്മൾ ഇപ്പോൾ ആയിരിക്കുന്നതിലും വളരെ ശ്രേഷ്ഠമായ ഒരു ലോകം. നമ്മുടെ സമയം ദൈവത്തോടുകൂടെ ആയിരിക്കേണ്ടതിനു നമ്മൾ മുമ്പോട്ട് നോക്കിക്കൊണ്ടിരിക്കുന്നു, സ്വർഗ്ഗത്തിൽ അവന്റെ സാന്നിദ്ധ്യത്തിൽ.

## രക്ഷയുടെ പ്രത്യാശ

“നാമോ പകലിന്നുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചു കൊണ്ട് സുബോധമായിരിക്ക” (1 തെസ്സലൊനിക്യർ 5:8).

“അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വില യേറിയത് എന്നുയേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുക ഴ്ചക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇട വരും. അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ വിശ്വസിച്ചുംകൊണ്ട് നിങ്ങളുടെ വിശ്വാസ ത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കയും പറഞ്ഞു തീരാ ത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കയും ചെയ്യുന്നു” (1 പത്രോസ് 1:7-9).

തൽക്ഷണം, രക്ഷ ഇപ്പോൾ ആരംഭിക്കുന്നു, നമ്മൾ മുമ്പോട്ട് നോക്കിക്കൊണ്ടിരിക്കുന്നതുമായ രക്ഷയുടെ ഭാഗവും കൂടി അവി ടെയുണ്ട്.

## ക്രിസ്തുവിന്റെ തിരിച്ചുവരവിനുള്ള പ്രത്യാശ

“നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷത ക്കായിട്ട് കാത്തുകൊണ്ടു” (തീത്തോസ് 2:13).

## പുനരുത്ഥാനത്തിന്റെ പ്രത്യാശ

“നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഉണ്ടാകും എന്ന് ഇവർ കാത്തിരിക്കുന്നതുപോലെ ഞാനും ദൈവ ത്തിങ്കൽ ആശവെച്ചിരിക്കുന്നു” (അപ്പൊ.പ്ര. 24:15).

# 3

# പ്രത്യാശയുടെ പ്രാധാന്യം

നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രത്യാശ ഉണ്ടായിരിക്കേണ്ടത് വളരെ അതിപ്രധാനമാണ്. നമ്മൾ മുഴുവനും പ്രത്യാശയുള്ള ജനങ്ങളായിരിക്കണം, പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിന്റെ നടുവിൽപോലും. വിശ്വാസം തുടർച്ചയായി ഉണ്ടായിരിക്കേണ്ടതിന് എന്തുകൊണ്ടാണ് പ്രാധാന്യം വേണമെന്നുള്ളതിന് അനേകം കാരണങ്ങൾ ഉണ്ട്.

## പ്രത്യാശക്ക് കാലതാമസം വരുത്തുന്നത് അകത്തെ മനുഷ്യനെ ക്ഷീണിച്ചവനാക്കുന്നു

“ആശാവിളംബനം ഹൃദയത്തെ ക്ഷീണിപ്പിക്കുന്നു; ഇച്ഛാനിവൃത്തിയോ ജീവവൃക്ഷം തന്നേ” (സദൃശവാക്യങ്ങൾ 13:12).

ചില സമയങ്ങളിൽ, നമ്മൾ പ്രത്യാശവെക്കുന്ന കാര്യങ്ങൾ സ്വീകരിക്കുന്നതിനു താമസമുണ്ട്. ഒരു പ്രത്യേക കാര്യം ഒരു പ്രത്യേക വർഷത്തിൽ പൂർത്തിയാക്കപ്പെടണം എന്നു നാം പ്രതീക്ഷിക്കുന്നു, എന്നാൽ ആ വർഷത്തിന്റെ ഒടുവിൽപോലും അത് സംഭവിക്കുന്നില്ല. നമ്മൾ നമ്മളോടു തന്നെ പറയും, മിക്കവാറും അടുത്ത വർഷം അത് സംഭവിക്കുമെന്ന്, എന്നിട്ടും ചിലപ്പോൾ സംഭവിക്കത്തില്ല. പ്രത്യാശവെച്ചിരുന്ന കാര്യത്തിന് താമസം വരികയാണെങ്കിൽ, അകത്തെ മനുഷ്യന്റെ പ്രത്യാശ പൂർണ്ണമായി നഷ്ടപ്പെട്ടു പോകുകയും ക്ഷീണിതനായിത്തീരുകയും ചെയ്യുന്നു. മറുവശത്ത്, നമ്മുടെ പ്രത്യാശയുടെ വിഷയം വന്നുചേരുകയാണെങ്കിൽ, അത് ഒരു ജീവന്റെ വൃക്ഷം പോലെ ആകുന്നു. അതു നമ്മളെ ശക്തിമത്താക്കുകയും കുളിർപ്പിക്കുകയും ചെയ്യും. നമുക്ക് കുളിർപ്പിക്കപ്പെട്ടതായും പുതുക്കിയതായും തോന്നും. നമ്മുടെ വിശ്വാസം പറന്നു

കയറുന്നു. നമ്മൾ പ്രചോദിക്കപ്പെടുകയും മുമ്പോട്ടു പോകുവാനും കഴിയും.

## പ്രത്യാശ ആത്മാവിന്റെ ഒരു നങ്കൂരം ആണ്

"ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരം തന്നേ" (എബ്രായർ 6:19).

പ്രത്യാശ ആത്മാവിന്റെ നങ്കൂരം ആകുന്നു. ഇത് മനസ്സിനെയാണ് പരാമർശിക്കുന്നത്, മനോഗതിയെയും വികാരത്തെയും. ഒരു കപ്പലിൽനിന്നും ഇടുന്ന ഒരു നങ്കൂരത്തെ സാദൃശ്യപ്പെടുത്തിയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, പ്രത്യാശയുടെ വേഷം മനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നതാണ് വിശദീകരിച്ചിരിക്കുന്നത്. കടലിൽ നങ്കൂരം ഇടുമ്പോൾ, ഒരു കൊടുങ്കാറ്റിന്റെ നടുവിൽ അത് ഉറപ്പുകൊണ്ടുവരുന്നു. വേദപുസ്തകം പറയുന്നു പ്രത്യാശ ആത്മാവിന്റെ നങ്കൂരം ആണെന്ന്. ഇത് അർത്ഥമാക്കുന്നത്, എനിക്കു പ്രത്യാശയില്ലെങ്കിൽ, എന്റെ ആത്മാവ് - എന്റെ ഇച്ഛ, വികാരങ്ങൾ, ബുദ്ധിശക്തി - ഇവയ്ക്ക്, കോപിച്ച സമയങ്ങളിൽ, ആവശ്യമായ ഉറപ്പും അല്ലെങ്കിൽ ശക്തിയും ഉണ്ടായിരിക്കുകയില്ല. ജനങ്ങൾ പൂർണ്ണമായി പ്രത്യാശ നഷ്ടപ്പെടുത്തുമ്പോൾ, ജീവിതത്തിന്റെ കൊടുങ്കാറ്റ്, കപ്പലോട്ടം തുടരുന്നതിന്, വളരെയധികമായി കീഴടക്കുന്നതായി കാണപ്പെടാവുന്നതാണ്. അവർ ആശവെടിയാൻ തുടങ്ങുന്നു, എളുപ്പമായി സമ്മർദ്ദത്തിനു വഴങ്ങുന്നു. അവർ അതിശയിക്കുവാൻ തുടങ്ങുന്നു, ജീവിക്കുന്നതിന് ഇനിയും എന്തെങ്കിലും കാരണമുണ്ടോയെന്ന്. ഗുണംപിടിക്കാത്ത പ്രത്യാശയുടെ ചിന്തകൾ, "ആരും എന്നെ കരുതുന്നില്ല," "എല്ലാം തെറ്റാണ്," "ഇത് ഒരിക്കലും ശരിയാകാൻ കഴിയത്തില്ല", ഇതെല്ലാം അവരുടെ മനസ്സിനെ വെള്ളപ്പൊക്കം പോലെ ആക്കുന്നു. ഈ സന്ദർഭത്തിൽ അനേക രും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നു. അതുകൊണ്ട്, എത്ര വലിയ സന്ദർഭം ആയാൽപോലും പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കുന്നത് അതിപ്രധാനമാണ്. പ്രത്യാശ ആത്മാവിന്റെ നങ്കൂരം ആകുന്നു.

## പ്രത്യാശ വിശ്വാസത്തിന്റെ ഒരു മുന്നോടിയാണ്

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു" (എബ്രായർ 11:1).

പ്രത്യാശ പ്രാധാന്യമേറിയതാണ് എന്തുകൊണ്ടെന്നാൽ വിശ്വാസം പ്രത്യാശയെ ആശ്രയിച്ചിരിക്കുന്നു. പ്രത്യാശ വിശ്വാസത്തിനുമുമ്പെ വരുന്നു. നമുക്ക് പ്രത്യാശയുണ്ടെങ്കിൽ മാത്രമേ വിശ്വാസം ഉണ്ടായിരിക്കുവാൻ കഴിയുകയുള്ളൂ. ഒരു വ്യക്തിയുടെ രോഗത്തിന്റെ അവസാനമാണെന്ന് കരുതുക: ഡോക്ടർമാർ പറഞ്ഞു, സഹായിക്കുന്നതിന് വൈദ്യശാസ്ത്രത്തിന് ഒന്നും ചെയ്യാൻ കഴിയത്തില്ലെന്നും, ആ വ്യക്തിയുടെ ജീവിതം കുറച്ചുദിവസം കൂടി മാത്രമേ ഉള്ളുവെന്നും. ഇങ്ങനെയുള്ള ഒരു ചുറ്റുപാടിൽ അനേക മനുഷ്യരും പ്രത്യാശ വിട്ടുകളയുന്നത് സാധാരണമാണ്. ആ വ്യക്തിയുടെ അവസാനനിമിഷങ്ങളിലെ ചിത്രങ്ങൾ, അവന്റെ അവസാനത്തെ വാക്കുകൾ, അവന്റെ ശവമടക്കം ഇവയെല്ലാം അവന്റെ മനസ്സിനെ നിറയ്ക്കും. ഒരു വ്യക്തി പ്രത്യാശ വിട്ടുകളയുമ്പോൾ, വിശ്വാസത്തിനുപോലും പ്രവർത്തിക്കുവാൻ കഴിയത്തില്ല, എന്തുകൊണ്ടെന്നാൽ "വിശ്വാസം ആശിക്കുന്നതിന്റെ ഉറപ്പാണ്." ഒരു വ്യക്തി സൗഖ്യമാകുവാൻപോലും പ്രത്യാശിക്കുന്നില്ലെങ്കിൽ, ദൈവത്തിൽനിന്നും സൗഖ്യം പ്രാപിക്കുന്നതിന് വിശ്വാസം ഉണ്ടാകുന്നത് വളരെ വിഷമമാണ്. ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിക്കേണ്ടതിന് പ്രത്യാശ ഒരു മുൻവ്യവസ്ഥയാണ്. ദീനമായിക്കിടക്കുന്ന വ്യക്തി എങ്ങനെയെങ്കിലും തന്നെത്തന്നെ കാണുവാൻ ശ്രമിക്കണം, സൗഖ്യം പ്രാപിക്കുന്നതും മരണക്കിടക്കയിൽനിന്നും എഴുന്നേറ്റു നടക്കുന്നതും. ഡോക്ടർമാർ കൈവെടിഞ്ഞു എന്നിരുന്നാലും സ്വർഗ്ഗത്തിലെ ദൈവത്തിനു സൗഖ്യമാക്കുവാനും അതിൽകൂടുതലായി ചെയ്യുന്നതിനും സന്മനസ്സുണ്ടെന്നും ഉള്ള പ്രത്യാശ അവനുണ്ടാകണം. ഒരു പൂർണ്ണസൗഖ്യത്തിന് പ്രത്യാശ ഉണ്ടാകുമ്പോൾ, സൗഖ്യം കൊണ്ടുവരുന്നതിനായി, വിശ്വാസത്തിനു അതിന്റെ പ്രവൃത്തി ചെയ്യുവാൻ കഴിയും.

# 4

# പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റുവട്ടത്തിൽ തിരിക്കുന്ന ദൈവം

നമ്മൾ ഒരു കാര്യം ഗ്രഹിക്കണം, നമ്മൾ ഏതുവിധത്തിലുള്ള ചുറ്റുപാടിൽ ആയിരുന്നാലും, ആ ചുറ്റുപാട് എത്ര പ്രത്യാശയി ല്ലാത്തതാണെന്നു കണ്ടാലും, ഒരു ദൈവം ഉണ്ട്, പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റുവട്ടത്തിൽ തിരിക്കുന്നതിന് പ്രത്യേകാഭ്യാസം ചെയ്യുന്ന ദൈവം. ആമേൻ! നിങ്ങളുടെ പ്രത്യാശയില്ലാത്ത ചുറ്റു പാട് നിങ്ങളുടെ വിവാഹമോ, ജോലിയോ, മക്കളോ, ധനപരമോ, ജീവിതഗതിയോ അല്ലെങ്കിൽ വിദ്യാഭ്യാസമോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലുമോ. ഇത് എന്തുതന്നെ ആയിരുന്നാലും, നമ്മൾ സേവി ക്കുന്ന ഒരു ദൈവത്തിന് പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റു വട്ടത്തിൽ തിരിക്കുവാൻ കഴിയുമെന്ന സത്യത്തിൽ ദൃഷ്ടികേന്ദ്രീ കരിക്കുക. അതുകൊണ്ടാണ് നമ്മൾ പ്രത്യാശ വിട്ടുകളയരുതെന്ന് പറയുന്നത്. നമുക്കു സുപരിചിതമായ ചില ഉദാഹരണങ്ങളിലേക്ക് നോക്കാം, വിശുദ്ധ വേദപുസ്തകത്തിൽനിന്നും, അവിടെ പ്രത്യാ ശയില്ലാതിരുന്ന ചുറ്റുപാടുകളെ ദൈവം ചുറ്റുവട്ടത്തിൽ തിരിച്ചത്.

## സാധുവായ സ്ത്രീ

ഭർത്താവ് മരിച്ചു, അവളോടുകൂടെ രണ്ട് ആൺമക്കളെയും വലിയ കടഭാരവും വിട്ടേച്ചുപോയ സ്ത്രീയെക്കുറിച്ച് പരിഗണി ക്കുക (2 രാജാക്കന്മാർ 4:1–7). കടക്കാർ പണം ചോദിച്ചുകൊണ്ടു വന്നു, കുട്ടികളെ പിടിച്ചുകൊണ്ട് പോകുമെന്ന് ഭയപ്പെടുത്തി. തീർച്ച യായും ഈ സ്ത്രീയുടെ ചുറ്റുപാട് പ്രത്യാശയില്ലാത്തതായിരുന്നു. അവൾ ദൈവത്തിന്റെ വേലക്കാരനായ എലീശായുടെ അടുക്കൽ ചെന്നു, അവളുടെ കഷ്ടസ്ഥിതി വിവരിച്ചു, സഹായം ആവശ്യപ്പെട്ടു. അവളുടെ വീട്ടിൽ എന്തുണ്ടെന്ന് അവൻ അവളോട് ചോദിച്ചു. അവൾ ഉത്തരം പറഞ്ഞു, ഒരു ഭരണി എണ്ണയല്ലാതെ വേറൊന്നും

ഇല്ലെന്ന്. എലീശാ അവൾക്ക് നിർദ്ദേശം കൊടുത്തു, പോയി എത്രയും പാത്രങ്ങൾ കിട്ടുമോ, അത്രയും കൊണ്ടുവന്നു, അവൾക്കുള്ള എണ്ണ ഓരോ പാത്രത്തിലും നിറയ്ക്കുവാൻ. അത്ഭുതകരമായി എണ്ണ വർദ്ധിപ്പിക്കപ്പെട്ടു, എല്ലാ പാത്രങ്ങളിലും എണ്ണ നിറച്ചു. എലീശാ അവൾക്ക് നിർദ്ദേശം കൊടുത്തു, എണ്ണ വിറ്റ് കടം തീർക്കുവാനും, ശേഷിപ്പുകൊണ്ട് അവളും മക്കളും ഉപജീവനം കഴിച്ചുകൊൾവാനും. അത്ഭുതകരമായി ഈ സ്ത്രീയുടെ ആവശ്യങ്ങൾ നൽകിക്കൊണ്ട്, ദൈവം പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിനെ ചുറ്റുവട്ടത്തിൽ തിരിച്ചു.

## കല്യാണവിരുന്നിലെ അത്ഭുതസംഭവം

കല്യാണവിരുന്നിന് വിളിച്ചയാൾക്ക് വീഞ്ഞു തീർന്നുപോയി – ഒരു ലഘുവായ കുറവിന്റെ ചുറ്റുപാട് എന്നാൽ പ്രത്യാശയില്ലാത്ത ചുറ്റുപാട് എന്നിരുന്നാലും. എന്തുചെയ്യണം എന്ന് അവർ അത്ഭുതപ്പെട്ടപ്പോൾ, യേശുവിന്റെ അമ്മ മറിയ കല്യാണവിരുന്നിലെ ശുശ്രൂഷക്കാരോട് പറഞ്ഞു "എന്തുചെയ്യണം എന്ന് യേശു പറയുന്നുവോ അത് ചെയ്യുവാൻ." യേശു നിർദ്ദേശം കൊടുത്തു, കൽപ്പാത്രങ്ങളിൽ വെള്ളം നിറച്ചു, വിരുന്നുകാർക്ക് കൊടുക്കുവാൻ. വെള്ളം അമാനുഷമായി വീഞ്ഞായിത്തീർന്നു, കല്യാണത്തിനു വന്ന എല്ലാവർക്കും ആവശ്യത്തിന് ലഭിച്ചു (യോഹന്നാൻ 2:1–11). അത്ഭുതസംഭവത്തിന്റെ വേറെയൊരു സംഭരണം! കർത്താവിന്റെ ഉപദേശം ശ്രദ്ധിച്ചുകേട്ടു, അവൻ പറയുന്നത് ചെയ്യുമ്പോൾ, പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റുവട്ടത്തിൽ മാറ്റുവാൻ കഴിയും.

## പ്രത്യാശയില്ലാത്ത ഒരു രാത്രിക്കുശേഷം ഒരു പ്രഭാതം

ലൂക്കോസ് 5ൽ, നമുക്കുവേണ്ടി, കർത്താവായ യേശു പ്രകടിപ്പിച്ച, വ്യവസായപരമായ ഒരു അത്ഭുതസംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. പത്രോസ്, അവനോടു കൂടെയുള്ള 'തൊഴിൽപങ്കാളികൾ' – യാക്കോബും, യോഹന്നാനും, അന്ത്രെയോസും – മീൻപി

ടിത്തത്തിന്റെ തൊഴിൽ ആയിരുന്നു. അവർ മീൻപിടിത്തക്കാർ ആയിരുന്നു. ഒരവസരത്തിൽ, ഒരു രാത്രി മുഴുവനും മീൻ പിടിച്ചിട്ടും ഒന്നും പിടിക്കുവാൻ കഴിഞ്ഞില്ല. അടുത്ത പ്രഭാതത്തിൽ, അവർ തിരിച്ചു വന്നപ്പോൾ, കർത്താവായ യേശു അവരെ കണ്ടുമുട്ടി. യേശുവിനെ കേൾക്കുന്നതിനുവേണ്ടി കൂടിവന്ന പുരുഷാരത്തോട് പ്രസംഗിക്കേണ്ടതിന് യേശു അവരുടെ പടകിനായി അവരോട് അപേക്ഷിച്ചു. വചനം പ്രസംഗിച്ച ശേഷം, യേശു പത്രോസിനോട് പറഞ്ഞു, കടലിലേക്ക് മടങ്ങിപോയി, കൂടുതൽ മീൻ പിടിക്കുവാനായി ഒരു പ്രാവശ്യംകൂടെ വലയിറക്കുവാൻ. പത്രോസ് ഉത്തരം പറഞ്ഞു: "നാഥാ, രാത്രി മുഴുവനും ഞങ്ങൾ അദ്ധ്വാനിച്ചിട്ടും ഒന്നും പിടിക്കുവാൻ കഴിഞ്ഞില്ല, എന്നാൽ നിന്റെ വാക്കിനു ഞാൻ വല ഇറക്കാം" (ലൂക്കോസ് 5:5). പത്രോസിന് അറിയാമായിരുന്നു, അവന്റെ പ്രയത്നം കൊണ്ട് ഒരു ഫലവും പുറപ്പെടുവിക്കുവാൻ കഴിഞ്ഞില്ലെന്ന്. എന്നാൽ യേശു അവനോട് ചെയ്യുവാൻ പറഞ്ഞ കാര്യം ചെയ്യുവാൻ അവനു മനസ്സായിരുന്നു.

കർത്താവിങ്കൽനിന്നും ഒരു വാക്ക്, പ്രത്യാശയില്ലാതിരുന്ന ഒരു ചുറ്റുപാടിനെ, ചുറ്റുവട്ടത്തിലേക്ക് തിരിച്ചു. കർത്താവായ യേശു എന്താണ് പറഞ്ഞത്, പത്രോസിന്റെ അന്തർലീനമായ അനുസരണത്താൽ, അത് അവന് ഒരു ധനപരമായ അത്ഭുതസംഭവം കൊണ്ടുവന്നു.

## യിസ്രായേൽ രാഷ്ട്രം

യെഹൂദാ ജനങ്ങൾ ചിതറിക്കപ്പെട്ടു ലോകത്തിൽ എല്ലായിടത്തും ചിന്നിപ്പോയി. പ്രത്യാശയില്ലായെന്നുള്ള ഒരു വിവേകം യെഹൂദാജനങ്ങളെ മുറുകെപ്പിടിച്ചു. യെഹെസ്കേൽ 37-ൽ, മുഴുവനും ഉണങ്ങിയ എല്ലുകൾ കിടന്നിരുന്ന ഒരു താഴ്വര ദൈവം യെഹെസ്കേലിനു കാണിച്ചുകൊടുത്തു, യിസ്രായേൽ ജനങ്ങളുടെ അവസ്ഥ വിവരിക്കുന്നതിന്. "മനുഷ്യപുത്രാ, ഈ അസ്ഥികൾ യിസ്രായേൽ ഗൃഹമൊക്കെയും ആകുന്നു; ഞങ്ങളുടെ അസ്ഥികൾ ഉണങ്ങി, ഞങ്ങളുടെ പ്രത്യാശക്കു ഭംഗം വന്നു, ഞങ്ങൾ

തീരെ മുടിഞ്ഞിരിക്കുന്നു എന്ന് അവർ പറയുന്നു" (യെഹെസ്കേൽ 37:11).

അപ്പോൾ ദൈവം യെഹെസ്കേലിനു നിർദ്ദേശം കൊടുത്തു, ഉണങ്ങിയ എല്ലുകളോട് പ്രവചിക്കുന്നതിന്. "അതുകൊണ്ട് നീ പ്രവചിച്ചു അവരോട് പറയേണ്ടിയത്: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു; എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽനിന്നു കയറ്റി യിസ്രായേൽ ദേശത്തേക്ക് കൊണ്ടുപോകും" (യെഹെസ്കേൽ 37:12). പ്രവാചകനിലൂടെ, ദൈവം മുന്നറിവുകൊടുത്തു, യെഹൂദാജനങ്ങളെ കൂട്ടിച്ചേർക്കുന്നതിനെക്കുറിച്ചും യിസ്രായേലിനെ ഒരു രാഷ്ട്രമായി വീണ്ടും സ്ഥാപിക്കുമെന്നും. ദൈവം തന്റെ വചനം പൂർത്തീകരിച്ചു. 1948 മെയ്മാസം പതിന്നാലാം തീയതി യിസ്രായേൽ ഒരു രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു. ലോകത്തിൽ എല്ലായിടങ്ങളിൽനിന്നും യെഹൂദന്മാർ അവരുടെ സ്വന്തരാജ്യത്തിലേക്ക് മടങ്ങിവരാൻ തുടങ്ങി.

അതുകൊണ്ട്, നമ്മൾ പ്രത്യാശയില്ലെന്ന് പരിഗണിക്കുന്ന ഒരു ചുറ്റുപാടിനെ, ചുറ്റുവട്ടത്തിൽ ആക്കുവാൻ ദൈവത്തിന് കഴിയും. ദൈവത്തിന് മനസ്സാണ്, ദൈവത്തിന് കഴിയും, "കല്ലറകളെ" തുറന്ന് ഉണങ്ങിയ എല്ലുകൾക്ക് ജീവൻ കൊടുക്കുവാൻ, ചുറ്റുപാടുകളെ ചുറ്റുവട്ടത്തിലേക്ക് തിരിക്കുവാൻ. ദൈവത്തിനു വളരെ പ്രത്യാശയില്ലാത്തതായി യാതൊന്നും ഇല്ല.

## അബ്രഹാമും സാറയും

അബ്രഹാമും സാറയും പ്രായത്തിൽ വളരെ മുന്നേറിയവരായിരുന്നു, അവർക്ക് സ്വന്തമായി ഒരു കുഞ്ഞിനെ കൊടുക്കുമെന്ന് ദൈവം അവർക്ക് വാഗ്ദത്തം കൊടുത്തപ്പോൾ. ദൈവം അവർക്ക് ഒരു മകനെ വാഗ്ദത്തം ചെയ്തു അവരോട് പറഞ്ഞു, ആ മകനിലൂടെ, ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽക്കരയിലെ മണൽപോലെയും അവർക്കു സന്തതിയെ കൊടുക്കുമെന്ന്. അവർ

പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിലായിരുന്നു, കുട്ടികൾ ഉണ്ടാകുമെന്നു പറഞ്ഞപ്പോൾ, എന്തുകൊണ്ടെന്നാൽ ഇത്രയും വർഷങ്ങളായിട്ടും അവർക്ക് മക്കൾ ഇല്ലായിരുന്നു. അബ്രഹാം 99 വയസ്സുള്ളവനായിരുന്നു, സാറയുടെ ഗർഭപാത്രവും പ്രസവിക്കാത്തതായിരുന്നു - പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാട്.

ഈ ചുറ്റുപാടിനെപ്പറ്റി വേദപുസ്തകം എന്താണ് പറയുന്നതെന്ന് ഗ്രഹിക്കുക:

“മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിനു തന്നേ. ഞാൻ നിന്നെ ബഹുജാതികൾക്ക് പിതാവാക്കിവെച്ചു എന്ന് എഴുതിയിരിക്കുന്നുവല്ലോ. നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്ക് പിതാവാകും എന്ന് അവൻ ആശക്കു വിരോധമായി ആശയോടെ വിശ്വസിച്ചു” (റോമർ 4:17-18).

എത്ര വലിയ ഒരു ഉദാഹരണമാണ് അനുസരിക്കുന്നതിന്. അബ്രഹാം “ആശക്കു വിരോധമായി ആശയോടെ വിശ്വസിച്ചു.” പ്രത്യാശയുണ്ടാകുന്നതിന് യാതൊരു കാരണവും ഇല്ലാതിരുന്നപ്പോൾ, അബ്രഹാം എന്നിട്ടും പ്രത്യാശയിൽ വിശ്വസിച്ചു, ദൈവം എന്താണ് പറഞ്ഞത് അതുപോലെ. എന്തുകൊണ്ടെന്നാൽ അവൻ പ്രത്യാശയിൽ വിശ്വസിച്ചു, “അവൻ ആയിത്തീർന്നു... എന്താണ് പറഞ്ഞിരുന്നതുപോലെ.”

ദൈവം നിങ്ങൾക്ക് ഒരു വാഗ്ദത്തം തരുമ്പോൾ, ഒരിക്കലും പറയരുത് “ദൈവമേ, ഈ വാഗ്ദത്തം വിഡ്ഢിത്തം ആണെന്ന്. ഇത് ഒരിക്കലും വിഡ്ഢിത്തം ആകുകയില്ല, എന്തുകൊണ്ടെന്നാൽ നമ്മുടെ ദൈവം മരിച്ചവർക്ക് ജീവൻ കൊടുക്കുന്ന ഒരു ദൈവം ആണ്. അതുകൊണ്ട്, ദൈവം നിങ്ങളോട് ഒരു വാഗ്ദത്തം പറയുമ്പോൾ, എത്ര പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടായി കണ്ടാലും,

സാരമില്ല. അപ്പോൾ ഓർക്കണം, നിങ്ങളോട് സംസാരിക്കുന്ന ഈ ദൈവം, മരിച്ചവർക്ക് ജീവൻ കൊടുക്കുന്ന അതേ ദൈവം തന്നെയാണെന്ന് – ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുന്നവൻ – ഏതുതരത്തിലുള്ള ചുറ്റുപാടിനെയും ചുറ്റുവട്ടമാക്കി തിരിക്കുവാൻ കഴിയുന്നവൻ. ദൈവത്തിന് ഒരു ചുറ്റുപാടിനെ നല്ലതാക്കി തീർക്കാൻ കഴിയുന്നതു മാത്രമല്ല, അതിനെ പൂർണ്ണമായി ചുറ്റുവട്ടത്തിലാക്കുവാനും കഴിയും. ഇല്ലാത്തതിനെ ഉള്ളതാക്കിത്തീർക്കുവാൻ ദൈവത്തിന് കഴിയും. ഇപ്പോൾതന്നെ, ഭവനത്തിൽ സമാധാനം നിലവിൽ ഇല്ലാതിരിക്കെ, എന്നാൽ ദൈവത്തിന് നിലവിൽ കൊണ്ടുവരുവാൻ കഴിയും. നിങ്ങളുടെ ശരീരത്തിലെ സൗഖ്യം, ഇപ്പോൾ നിലവിൽ ഇല്ലായിരിക്കാം, എന്നാൽ നിലവിൽ കൊണ്ടുവരുവാൻ ദൈവത്തിന് കഴിയും. വിജയം, നിങ്ങളുടെ ഭവനത്തിലും, ജോലിയിലും, ജീവിതഗതിയിലും, ഇപ്പോൾ നിലവിൽ ഇല്ലായിരിക്കാം, എന്നാൽ ഇവയെ നിലവിൽ കൊണ്ടുവരുവാൻ ദൈവത്തിന് കഴിയും.

## 5

# പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിൽ പ്രത്യാശ ഉണ്ടാകുന്നതിനുള്ള അടിസ്ഥാനം

പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിൽ പ്രത്യാശ ഉണ്ടാകുന്നതിനുള്ള അടിസ്ഥാനം എന്താണ്? ഇത് ഒരു വിചിത്രകൽപനയാണോ? വിഷയത്തിന്മേൽ ഇത് മനസ്സിന്റെ ഒരു ചോദ്യമാണോ? ഇത് ഒരു മനുഷ്യവർഗപ്രേമം ആയി അടുത്തുവരുന്നതാണോ വസ്തുതയായി ശ്രമിക്കുന്നതിനും വസ്തുതയായി നിൽക്കുന്നതിനും? ഏറ്റവും വലിയ വിഷമമേറിയ സന്ദർഭങ്ങളിലും നമുക്ക് പ്രത്യാശ ഉണ്ടാകുവാൻ കഴിയുന്നതിന്റെ കാരണം ലഘുവായി, ദൈവവും അവന്റെ വചനവും ആണ്.

"നിന്റെ സന്തതി ഇവ്വണ്ണം ആകും എന്ന് അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്ക് പിതാവാകും എന്ന് അവൻ ആശക്കു വിരോധമായി ആശയോടെ വിശ്വസിച്ചു" (റോമർ 4:18).

ദൈവം വാഗ്ദത്തം ചെയ്തത് അബ്രഹാം വിശ്വസിച്ചു, വിശ്വസിക്കുവാൻ കാരണം ഇല്ലാതിരുന്നിട്ടും. ചുറ്റുപാട് പ്രത്യാശയില്ലാത്തതായിരുന്നപ്പോൾ, എന്നിട്ടും അവൻ വിശ്വസിച്ചു. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ ദൈവം ആണ് സംസാരിച്ചത്. അവൻ പ്രത്യാശയിൽ വിശ്വസിച്ചു "എന്താണ് പറഞ്ഞതെന്നനുസരിച്ചു." അവന്റെ പ്രത്യാശയുടെ അടിസ്ഥാനം അതായിരുന്നു. ദൈവം ആണ് സംസാരിച്ചത്, ചുറ്റുപാട് പ്രത്യാശയില്ലാത്തതായിരുന്നിട്ടും, എല്ലാ പ്രത്യാശക്കും എതിരെ വിശ്വസിക്കുവാൻ അബ്രഹാം തിരഞ്ഞെടുത്തു.

## നമുക്കു പ്രത്യാശ ഉണ്ടാകേണ്ടതിന് അടിസ്ഥാനം ആയിത്തീരുന്നത് ദൈവവും അവന്റെ വചനവും ആണ്

"യഹോവേ, നിങ്കൽ ഞാൻ പ്രത്യാശ വെച്ചിരിക്കുന്നു; എന്റെ ദൈവമായ കർത്താവേ നീ ഉത്തരം അരുളും" (സങ്കീർത്തനങ്ങൾ 38:15).

"ഞാൻ യഹോവക്കായി കാത്തിരിക്കുന്നു; എന്റെ ഉള്ളം കാത്തിരിക്കുന്നു; അവന്റെ വചനത്തിൽ ഞാൻ പ്രത്യാശ വെച്ചിരിക്കുന്നു" (സങ്കീർത്തനങ്ങൾ 130:5).

"എന്നാൽ മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിനുതന്നെ എഴുതിയിരിക്കുന്നു" (റോമർ 15:4).

നമ്മുടെ പ്രത്യാശയുടെ കാരണവും, ഉറവിടവും, ബലവും ദൈവം ആകുന്നു. അവന്റെ വചനം നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം ആയിത്തീരുന്നു. നമ്മുടെ പ്രത്യാശ നമ്മൾ നിലനിറുത്തുന്നത് എന്തുകൊണ്ടാണെന്നാൽ തിരുവെഴുത്ത് നമ്മുടെ ഹൃദയങ്ങളിൽ കൊണ്ടുവരുന്ന ക്ഷമയും ആശ്വസിപ്പിക്കലും നിമിത്തമാണ്.

## ഭാവിക്കുവേണ്ടിയുള്ള പ്രത്യാശ

നമ്മൾ ഇതുവരെ വായിച്ചതിന്റെ എല്ലാറ്റിന്റെയും പ്രവർത്തനപരമായ വശം നമുക്കൊന്നുനോക്കാം. ഇത് വായിക്കുന്ന നിങ്ങളിൽ ചിലർ പറയുന്നുണ്ടായിരിക്കും "എനിക്ക് എന്റെ ഭാവിയെപ്പറ്റി ഒരു പ്രത്യാശയുമില്ല" അല്ലെങ്കിൽ "എനിക്കു വളരെ ദൂരത്തേക്ക് പോകുവാൻ, പോകുമോയെന്ന് തോന്നുന്നില്ല, എന്റെ ജീവിതംകൊണ്ട് കൂടുതലായിട്ട് എനിക്ക് ഒന്നും സംഭവിക്കുവാൻ പോകുന്നില്ല." നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു, ദൈവത്താലും ദൈവത്തിന്റെ വചനത്താലും ആണ്, നമ്മുടെ ഭാവിക്കുവേണ്ടി പ്രത്യാശിക്കുവാൻ കഴിയുന്നത്. അവന്റെ വചനം പറയുന്നു:

“ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല എന്ന് എഴുതിയിരിക്കുന്നതുപോലെതന്നെ” (1 കൊരിന്ത്യർ 2:9).

നമുക്കുഭാവിക്കുവേണ്ടി പ്രത്യാശയുണ്ട്. നമ്മൾ ഭാവിയിൽ ചില അത്ഭുതസ്തബ്ധനാക്കുന്ന കാര്യങ്ങൾ കാണുവാൻ പോകുന്നു എന്ന് പ്രത്യാശയുള്ളവരാണ്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ വചനം പറയുന്നു, ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവം അങ്ങനെയുള്ള കാര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന്.

“നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മക്കല്ല നന്മക്കത്രേയുള്ളൂ നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്” (യിരെമ്യാവു 29:11).

ഇതാകുന്നു നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം - ദൈവവചനം. അതുകൊണ്ട് നല്ല ഒരു ഭാവിക്കുവേണ്ടി പ്രത്യാശിക്കുന്നതിന് നമുക്ക് കഴിയും. നമ്മുടെ ഇപ്പോഴത്തെ ചുറ്റുപാട് നമ്മുടെ ഒടുവിലത്തെ ഉദ്ദിഷ്ടസ്ഥാനത്തിന്റെ ലക്ഷണം അല്ല. നമുക്ക് പ്രത്യാശയുണ്ട് നമ്മുടെ ഭാവി ശക്തമായും, വിജയകരമായും, സുരക്ഷിതമായും ആയിത്തീരുമെന്ന്, എന്തുകൊണ്ടെന്നാൽ ദൈവം തന്റെ വചനത്തിൽ വാഗ്ദത്തം തന്നിരിക്കുന്നതുകൊണ്ട്. നമ്മുടെ ഇപ്പോഴത്തെ സന്ദർഭങ്ങൾക്ക് നമ്മളെ താഴ്ത്തിവെക്കുവാൻ നമ്മൾ സമ്മതിക്കത്തില്ല.

## ഒരു വിജയമായിത്തീരുന്നതിനുള്ള പ്രത്യാശ

നിങ്ങളിൽ ചിലർക്ക് ഇല്ലെന്നു പറയുന്ന ചിന്തകൾ ഉണ്ടായേക്കാം, ജീവിതത്തിൽ ഒരിക്കലും ഒരു വിജയമായിത്തീരുമോയെന്ന് അത്ഭുതപ്പെട്ടേക്കാം. നിങ്ങൾ ഉദ്യമിച്ചത് എല്ലാം പരാജയത്തിൽ അവസാനിച്ചിരിക്കാം, ഒന്നിലും ഇതുവരെ വിജയിക്കുവാൻ നിങ്ങളെ

ക്കൊണ്ട് കഴിഞ്ഞിട്ടില്ലെന്നുവരാം. വചനം പറയുന്നത് എന്താണെന്ന് നിങ്ങൾ വിശ്വസിക്കണം.

"ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ, ആറ്റരികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും" (സങ്കീർത്തനങ്ങൾ 1:1–3).

ഫലം കായ്ക്കുന്ന ഒരു വൃക്ഷത്തെപോലെ നിങ്ങളെത്തന്നെ ഛായാചിത്രം ചെയ്യുക. നിങ്ങൾ ചെയ്യുന്നതെല്ലാം സാധിക്കും എന്ന ഒരു വ്യക്തിയായി നിങ്ങളെത്തന്നെ കാണുക. ഇതാണ് നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വചനം, ദൈവത്തിന് നിങ്ങൾക്കുവേണ്ടി ചെയ്യുവാൻ കഴിയുന്നതിനെ നിങ്ങളുടെ സന്ദർഭം കൊള്ളയടിക്കുവാൻ അനുവദിക്കരുത്.

## നിങ്ങളുടെ സ്വപ്നങ്ങൾ പൂർത്തിയാക്കുന്നതിനുള്ള പ്രത്യാശ

നിങ്ങളുടെ സ്വപ്നങ്ങളെ എന്നെങ്കിലും പൂർത്തിയാക്കുന്നതിനുള്ള നിങ്ങളുടെ പ്രത്യാശ നിങ്ങളിൽ ചിലർ വിട്ടുകളഞ്ഞിരിക്കാം. ദൈവത്തിന്റെ വചനം പറയുന്നു:

"യഹോവയിൽതന്നെ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും" (സങ്കീർത്തനങ്ങൾ 37:4).

എന്റെ സ്വപ്നങ്ങളിൽ ഞാൻ ഒരിക്കലും എത്തിച്ചേരില്ല എന്നു കാണുന്നതായ സന്ദർഭങ്ങളിൽ ഞാൻ ആയിരുന്നിട്ടുണ്ട്. ഞാൻ ഓർക്കുന്നു, ഞാൻ വളർന്നുകൊണ്ടിരുന്നപ്പോൾ, ലോകത്തിലെ രാഷ്ട്രങ്ങളെ സ്വാധീനിക്കത്തക്കവണ്ണം, ബാംഗ്ലൂർ നഗരത്തിൽ ശക്തിയേറിയ ഒരു സഭ സ്ഥാപിക്കണം എന്നുള്ള ഈ സ്വപ്നം എനിക്കുണ്ടായിരുന്നു. പല തരത്തിലുള്ള കാര്യങ്ങൾ സംഭവിച്ചു,

എന്നെത്തന്നെ ചുറ്റുപാടുകളുടെ നടുവിലായി ഞാൻ കണ്ടുപിടിച്ചു, എന്റെ സ്വപ്നങ്ങൾ ഒരിക്കലും പൂർത്തിയാക്കുവാൻ കഴിയില്ല എന്ന് ഞാൻ ചിന്തിക്കുന്നതിലേക്ക് അതെന്നെ നയിച്ചു. ഇത് വെറും ഒരു സ്വപ്നം മാത്രം ആണെന്നു കണ്ടു. ഇതിലേക്ക് ഒരിക്കലും പടിവെക്കുവാൻ കഴിയാത്തതുപോലെ കണ്ടു. എന്നാൽ, എന്റെ പ്രത്യാശ എന്നിട്ടും ഞാൻ ജീവനോടെ സൂക്ഷിച്ചു, എന്തുകൊണ്ടെന്നാൽ, അവന്റെ വചനം പറയുന്നു, അവൻ എനിക്ക് ഒരു "ഭാവിയും ഒരു പ്രത്യാശയും" തരുമെന്ന്, "കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതുമായ" കാര്യങ്ങളെ അവൻ ഒരുക്കി. അവന്റെ വചനം ഇതുംകൂടെ പറഞ്ഞു, ഞാൻ അവനിൽ രസിക്കുകയാണെങ്കിൽ, എന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ അവൻ എനിക്കു തരും എന്ന്. എന്റെ ചുറ്റുപാടുകൾ ചീത്തയായതിൽനിന്നും കൂടുതൽ ചീത്തയായതിലേക്ക് പോകുന്നു എന്നു കണ്ടപ്പോഴും, അവന്റെ വചനം അങ്ങനെതന്നെ തുടർന്നു. ഞാൻ അവന്റെ വചനം നിറവേറ്റി. അവന്റെ വചനം എന്റെ പ്രത്യാശയുടെ അടിസ്ഥാനം ആയിത്തീർന്നു. ഇപ്പോൾ, ഈ സ്വപ്നം യാഥാർത്ഥ്യമായിത്തീർന്നത് ഞാൻ കാണുന്നു. ഹല്ലേലുയ്യാ!

## നിങ്ങളുടെ കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള പ്രത്യാശ

നിങ്ങളുടെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള പ്രത്യാശ നിങ്ങളിൽ ചിലർ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ടായിരിക്കാം. നിങ്ങൾ അവരെ നല്ലതുപോലെ പരിശീലിപ്പിച്ചിരിക്കാം, വചനത്തിൽനിന്നും അവരെ പഠിപ്പിച്ചിട്ടുണ്ടായിരിക്കാം, ഇപ്പോൾതന്നെ, അവർ ജീവിതത്തിന്റെ ഒരു അവസ്ഥയിൽ ആയിരിക്കാം, അവിടെ അവർ കാര്യങ്ങളിലാണ്, അത് നിങ്ങൾ ഒരിക്കലും നിനച്ചുകാണത്തില്ല, അവർ അവിടെ പ്രവേശിക്കുമെന്ന്. ഒരു പക്ഷെ അവർ അവരുടെ പഠിത്തം കൈവിട്ടിരിക്കാം അല്ലെങ്കിൽ മദ്യത്തിലും മയക്കുമരുന്നിലുമായിരിക്കാം. നിങ്ങളുടെ എല്ലാ പരിശീലനങ്ങളും പാഴായിപ്പോയിരിക്കാം. നിങ്ങൾ ചിന്തിക്കുന്നുണ്ടായിരിക്കാം, നിങ്ങൾ അവർക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത ആ വർഷങ്ങൾ

എല്ലാം നിഷ്ഫലമായിപ്പോയെന്ന്. നിങ്ങളുടെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള പ്രത്യാശ വിട്ടുകളയുന്നതിന്റെ വക്കത്തെത്തിയിരിക്കാം നിങ്ങൾ. ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിച്ചു പറയുന്നത് "പ്രത്യാശ വിട്ടുകളയരുത്." ദൈവവചനം പറയുന്നു:

"യഹോവയെ ഭയപ്പെട്ടു, അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ. അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും; നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും" (സങ്കീർത്തനങ്ങൾ 112:1–2).

നിങ്ങൾക്ക് ദൈവത്തോട് പറയുവാൻ കഴിയും "ഞാൻ നിന്റെ വചനത്തിൽ പ്രത്യാശ വെക്കുന്നു. നിന്റെ വചനം പറയുന്നു എന്റെ കുഞ്ഞുങ്ങൾ ഭൂമിയിൽ ബലപ്പെട്ടിരിക്കുമെന്ന്." അത് അർത്ഥമാക്കുന്നത് നിങ്ങളുടെ കുഞ്ഞുങ്ങൾ ഭൂമിയിൽ ചിലത് ആയിത്തീരുമെന്നാണ്. അവർ ദൈവരാജ്യത്തിനുവേണ്ടി ചിലതൊക്കെ ചെയ്യുമെന്ന്. അവർ ഭൂമിയിൽ പാഴായിപ്പോകുകയില്ല. അവർ ദൈവത്തിനുവേണ്ടി സ്വാധീനം ചെലുത്തും.

"നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതും ആയിരിക്കും" (യെശയ്യാവ് 54:13).

മുകളിലത്തെ വാക്യം നിങ്ങളുടെ പ്രത്യാശയുടെ അടിസ്ഥാനം ആയിരിക്കട്ടെ. പ്രത്യാശിക്കുന്നത് തുടരുക. നിങ്ങളുടെ കുഞ്ഞ് ഇന്ന് നിങ്ങൾ പറയുന്നതിന് ചെവി തിരിച്ചുകളയുമായിരിക്കാം. എന്നാൽ, നിങ്ങൾക്ക് ഇളകാതെ പ്രത്യാശിക്കാം, ആശക്കു വിരോധമായി, വചനത്തിൽ.

## സുഖപ്പെടുത്തുന്നതിന്റെ പ്രത്യാശ

നിങ്ങളിൽ പലരും രോഗങ്ങളാലും അസുഖങ്ങളാലും അവശരായിത്തീർന്നു കഷ്ടപ്പെടുന്നുണ്ടായിരിക്കാം. പ്രത്യാശ ഇല്ലെന്ന് ഡോക്ടർമാർ പറഞ്ഞിരിക്കാം. ദൈവത്തെക്കുറിച്ച് വചനം ഇവിടെ

പറയുന്നു:

"അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു" (സങ്കീർത്തനങ്ങൾ 103:3).

അതാണ് നിങ്ങൾക്കുള്ള പ്രത്യാശ. നിങ്ങളുടെ പ്രത്യാശ ജീവിക്കുന്നതായി സൂക്ഷിക്കുക. വേദപുസ്തകം പറയുന്നപ്രകാരം നിങ്ങൾ സൗഖ്യം പ്രാപിച്ച് നന്നായിരിക്കുന്നുവെന്ന് ഛായാചിത്രം ചെയ്യുക.

"നിനക്കുതന്നെ നീ ജ്ഞാനിയായിത്തോന്നരുത്; യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടുമാറുക. അത് നിന്റെ നാഭിക്ക് ആരോഗ്യവും അസ്ഥികൾക്ക് തണുപ്പും ആയിരിക്കും" (സദൃശവാക്യങ്ങൾ 3:7-8).

ഭക്ത്യാദരങ്ങളെ സംബന്ധിച്ച ഭയം ദൈവത്തിനുവേണ്ടി നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളുടെ ശരീരത്തിന് സൗഖ്യം കൊണ്ടുവരുന്നു.

| |
|---|
| പ്രത്യാശയില്ലാത്ത ചുറ്റുപാടുകളിൽ നമുക്കു പ്രത്യാശ ഉണ്ടായിരിക്കുവാൻ കഴിയും, എന്തുകൊണ്ടെന്നാൽ, ദൈവത്താലും അവന്റെ വചനത്താലും. |

# 6
# പ്രത്യാശയില്ലാത്ത ഒരു സാഹചര്യത്തിന്റെ നടുവിൽ ഞാൻ എന്താണ് ചെയ്യേണ്ടത്?

“മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിനുതന്നേ. ഞാൻ നിന്നെ ബഹുജാതികൾക്ക് പിതാവാക്കി വെച്ചു എന്ന് എഴുതിയിരിക്കുന്നുവല്ലോ. നിന്റെ സന്തതി ഇവ്വണ്ണം ആകും എന്ന് അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്ന് അവൻ ആശക്കു വിരോധമായി ആശയോടെ വിശ്വസിച്ചു. അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ദൈവത്തിന്റെ വാഗ്ദത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിനു മഹത്വം കൊടുത്തു. അവൻ വാഗ്ദത്തം ചെയ്തത് പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറച്ചു” (റോമർ 4:17–21).

പ്രത്യാശയില്ലാത്ത ഒരു സാഹചര്യത്തിന്റെ നടുവിൽ നമ്മൾ എന്താണ് ചെയ്യേണ്ടത് അപ്പോൾ അതിനെ ചുറ്റുവട്ടത്തിൽ തിരിക്കുവാൻ ദൈവത്തിന് കഴിയും. അബ്രഹാമിന്റെ ജീവിതത്തിൽനിന്നും നമുക്ക് എന്തുപാഠം ആണ് പഠിക്കുവാൻ കഴിയുന്നത്? അവൻ എന്താണ് ചെയ്തത്, അത് ദൈവത്തെ അനുവദിച്ചത്, പ്രത്യാശയില്ലാതിരുന്ന ചുറ്റുപാടിനെ ചുറ്റുവട്ടത്തിലേക്ക് തിരിക്കുവാൻ. വേദപുസ്തകം പറയുന്നത് അബ്രഹാം, ആശക്കു വിരോധമായി, വിശ്വസിച്ച് അവനോട് വാഗ്ദത്തം ചെയ്തത് അവൻ ആയിത്തീരുമെന്ന് (റോമർ 4:18). നിങ്ങൾ വിശ്വസിക്കുമോ, ദൈവം എന്തെല്ലാം സംസാരിച്ചുവോ അതെല്ലാം നിവർത്തിക്കുമെന്ന്. ഉദാ

ഹരണമായി, ദൈവത്തിന്റെ വചനം പറയുന്നു, "നിങ്ങൾ ചെയ്യുന്നതെല്ലാം സാധിക്കും" എന്ന്, ഇത് നിങ്ങൾ വിശ്വസിക്കേണ്ടത് ആവശ്യമാണ്. നിങ്ങൾ വിശ്വസിക്കുമോ?

## പ്രത്യാശയിൽ വിശ്വസിക്കുക ദൈവം സംസാരിച്ചത് നിങ്ങൾ ആയിത്തീരുമെന്ന്

ദൈവവും അവന്റെ വചനവും ഒന്നാകുന്നു. വചനത്തിൽ വിശ്വസിക്കുക എന്നാൽ ദൈവത്തിൽ വിശ്വസിക്കുക എന്നാണ്. ആശക്ക് എതിരായിട്ടുള്ള എല്ലാറ്റിലും നിങ്ങൾ വിശ്വസിക്കണം. അതുകൊണ്ട്, പ്രത്യാശയില്ലെന്ന് കാണുമ്പോൾപോലും, നിങ്ങൾ വിശ്വസിക്കണം, ദൈവം വാഗ്ദത്തം ചെയ്തത് നിങ്ങൾ ആയിത്തീരുമെന്ന്. പ്രത്യാശ വിട്ടുകളയരുത്.

## പ്രത്യാശയില്ലാത്ത ചുറ്റുപാട് വിശ്വാസത്തെ മരവിപ്പിക്കരുത്

അബ്രഹാം "വിശ്വാസത്തിൽ ക്ഷീണിതൻ അല്ലാതിരുന്നിട്ടും, അവന്റെ സ്വന്തശരീരത്തെ അവൻ പരിഗണിച്ചില്ല, ഇതിനുമുൻപെ മരിച്ചിരുന്നു (അവൻ ഏകദേശം നൂറുവയസ്സുള്ളവൻ ആയിരുന്നു), സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വം" (റോമർ 4:19). അവന്റെ വിശ്വാസം ക്ഷീണിക്കുവാൻ അവൻ അനുവദിച്ചില്ല, അവന്റെ ശരീരത്തിന്റെ അവസ്ഥയും അവന്റെ ചുറ്റിലുമുള്ള സന്ദർഭങ്ങളെയും അവൻ പരിഗണിച്ചപ്പോൾ. ഏതുതരത്തിലുള്ള ചുറ്റുപാടിലെ പ്രത്യാശയില്ലാത്തതും നിങ്ങളുടെ വിശ്വാസത്തെ ക്ഷീണിപ്പിക്കുവാൻ അനുവദിക്കരുത്. ചുറ്റിലും നോക്കി പറയരുത്, "ഇത് കേടുപാട് തീർക്കുന്നതിന് അപ്പുറത്താണെന്ന്."

എന്നാൽ, സന്ദർഭങ്ങളെ തള്ളിക്കളയണമെന്നല്ല അത് അർത്ഥമാക്കുന്നത്. നിങ്ങളുടെ സന്ദർഭങ്ങളുടെ യാഥാർത്ഥ്യം നിങ്ങളുടെ വിശ്വാസത്തെ ക്ഷീണിപ്പിക്കുവാൻ അനുവദിക്കരുതെന്നാണ്. പകരമായി, നിങ്ങളുടെ ചണത്തുണിയുടെ ഭാവനയിൽ, നിങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ടതിന്റെ അനന്തരഫലം നിങ്ങളുടെ ഛായാ

ചിത്രത്തിൽ ചായം ഇടണം. ഉദാഹരണമായി, പൂർണ്ണമായി സൗഖ്യം ആയെന്ന് നിങ്ങളെത്തന്നെ കാണുക, ജീവിതത്തിൽ ഒരു വിജയം ആയിത്തീർന്നുവെന്ന് നിങ്ങളെത്തന്നെ കാണുക, നിങ്ങളുടെ വിവാഹം സൗഖ്യമാക്കപ്പെട്ടുവെന്നും പൂർവ്വസ്ഥിതിയിലാക്കപ്പെട്ടുവെന്നും കാണുക, നിങ്ങളുടെ കുഞ്ഞുങ്ങൾ ദൈവത്തെ സേവിക്കുന്നതും അവന്റെ വഴികളിൽ നടക്കുന്നതും കാണുക. ദൈവത്തിന്റെ വചനത്തിന്റെ അടിസ്ഥാനത്തിൽ, അതുപോലെയുള്ള ഛായാചിത്രം ചായം ഇട്ടു, അതിൽ പതിവായി നോക്കുക.

ഒരു രാത്രിയിൽ, ദൈവം അബ്രഹാമിനെ അവന്റെ കൂടാരത്തിൽനിന്നും വെളിയിൽ കൊണ്ടുവന്ന് അവനോട് പറഞ്ഞു ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കുവാൻ. ദൈവം അവനോട് പറഞ്ഞു "നിന്റെ സന്തതി ഇങ്ങനെ ആകും" എന്ന് (ഉല്പത്തി 15:5). അപ്പോൾ അബ്രഹാമിന് ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ ഒരു ഛായാചിത്രം മനസ്സിൽ വന്നു. ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ അവന്റെ സന്തതിയെ അവനു "കാണുവാൻ" കഴിഞ്ഞു. ഓരോ പ്രാവശ്യവും അബ്രഹാം തന്റെ ശരീരത്തിന്റെ അവസ്ഥയെ നോക്കി ശ്രദ്ധിച്ചപ്പോഴും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വം ശ്രദ്ധിച്ചപ്പോഴും ദൈവത്തിന്റെ വാഗ്ദത്തത്തെക്കുറിച്ച് അവൻ അവനെത്തന്നെ ഓർമ്മപ്പെടുത്തുമായിരുന്നു, അവന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും ഭൂമിയിലെ മണലിനെപ്പോലെയും ആക്കും എന്നുള്ളത്.

അനേക അവസരങ്ങളിൽ, ആയിരക്കണക്കിന് ജനങ്ങൾക്ക് ദൈവത്തിന്റെ വചനത്തിന്റെ ശുശ്രൂഷ ചെയ്യുന്നത് ഞാൻ എന്നെത്തന്നെ ഛായാചിത്രം ചെയ്തു. ഞങ്ങളുടെ പ്രാദേശിക സഭയെ, ഞങ്ങളുടെ നഗരത്തിലെ അഞ്ച് ഇടങ്ങളിൽ, ഓരോ ഇടങ്ങളിലും അനേകം ആയിരങ്ങൾ സമ്മേളിക്കുന്നതും ഞാൻ ഛായാചിത്രം ചെയ്തു. ഞായറാഴ്ചകളിൽ, രാവിലെ, സഭയിൽ കസേരകൾ കാലിയായിക്കിടക്കുന്ന കാഴ്ച എന്റെ വിശ്വാസത്തെ ക്ഷീണിപ്പിച്ചില്ല, എന്തുകൊണ്ടെന്നാൽ, എന്റെ മനസ്സിൽ ഞങ്ങളുടെ ഒടുവിലത്തെ

ഉദ്ദിഷ്ടസ്ഥാനത്തിന്റെ ഒരു ഛായാചിത്രം ഉണ്ടായിരുന്നു. നിങ്ങളുടെ ഇപ്പോഴത്തെ സന്ദർഭങ്ങൾ എന്തുവിധത്തിൽ ഉള്ളതായിരുന്നാലും, നിങ്ങളുടെ ഒടുവിലത്തെ ഉദ്ദിഷ്ടസ്ഥാനത്തിന്റെ ഒരു ഛായാചിത്രം നിങ്ങളിൽ ഉണ്ടായിരിക്കുക, എന്നിട്ട് പ്രത്യാശയിൽ തുടരുക.

## ദൃഢനിശ്ചയവും സഹനശക്തിയും പ്രകടിപ്പിക്കുക

അബ്രഹാമിന്റെ ജീവിതത്തിൽനിന്നും വേറൊരു കാര്യം നമ്മൾ നിരീക്ഷിക്കുന്നത് അവൻ "അവിശ്വാസത്തിൽ ഇടറിയില്ല" (റോമർ 4:20). ദൈവത്തിന്റെ വാഗ്ദത്തത്തിൽ അവൻ ഇടറിവീണില്ല. അവൻ ദൃഢനിശ്ചയവും സഹനശക്തിയും പ്രകടിപ്പിച്ചു. പ്രത്യാശയോടുകൂടെ, ദൃഢനിശ്ചയം എടുക്കേണ്ടതും, സഹനശക്തി ഉണ്ടായിരിക്കേണ്ടതും അതിപ്രാധാന്യമാണ്. റോമർ 8:25 പറയുന്നു "നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു." എന്നാലും, നമ്മളിൽ അനേകരും പല തരത്തിലുള്ള കാര്യങ്ങൾക്കായി പ്രത്യാശിക്കുന്നു, എത്രയും വേഗം അത് ലഭിക്കുന്നതിന് നമ്മൾ ശ്രദ്ധിക്കുന്നു. മറുവശത്ത് തിരുവെഴുത്തുകൾ നമ്മളെ ഉപദേശിക്കുന്നു, നമ്മൾ കാണാത്ത കാര്യങ്ങൾക്കായി ക്ഷമയോടെ കാത്തിരിക്കുന്നതിന്. എളുപ്പമായി വിട്ടുകളയരുത്. കുറച്ച് ക്ഷമയോടെ കാത്തിരിക്കുക. അപ്പൊസ്തലനായ പൗലോസ് പറയുന്നു,

"നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു" (1 തെസ്സലൊനിക്യർ 1:3).

പ്രത്യാശ ക്ഷമയാണ്! കലർപ്പില്ലാത്ത പ്രത്യാശ, വചനത്തിന്റെ അടിസ്ഥാനത്തിലുള്ളത് ക്ഷമയാണ്.

"യഹോവയുടെ രക്ഷക്കായി മിണ്ടാതെ കാത്തിരിക്കുന്നത് നല്ലത്" (വിലാപങ്ങൾ 3:26).

നിങ്ങൾക്ക് സത്യമായ പ്രത്യാശ ഉണ്ടാകുമ്പോൾ, അവിടെ ശാന്തതയുടെയും, പ്രശാന്തതയുടെയും, ആത്മസംയമനത്തിന്റെയും, ഒരു വിവേകം ഉണ്ട്. ഇത് വരുവാൻ പോകുന്നു എന്ന് നിങ്ങൾക്ക് അറിയാം. നിങ്ങൾ ശല്യപ്പെടുത്തുന്നില്ല, അസ്വസ്ഥമാക്കുന്നില്ല, ഇളക്കിമറിക്കുന്നില്ല, നിങ്ങൾ ആഗ്രഹിക്കുന്നത് കിട്ടേണ്ടതിന് എല്ലാവരെയും വഴിയിൽനിന്ന് നീക്കേണ്ടതിന് ആഗ്രഹിക്കുന്നതുമില്ല. ഏറെക്കുറെ നിങ്ങൾ ശാന്തമാണ്, എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അറിയാം, നിങ്ങൾ എന്താണ് വിശ്വസിക്കുന്നുവോ, അത് സംഭവിക്കാൻ പോകുകയാണെന്ന്. നിങ്ങൾ ദൃഢനിശ്ചയം എടുത്ത് ക്ഷമയോടെ കാത്തിരിക്കുന്നു. ദൃഢനിശ്ചയം പ്രകടിപ്പിക്കുന്നത് വിശ്വാസപ്രകാരം ദൈവത്തിന്റെ വചനം അനുസരിക്കുന്നതിലൂടെയാണ്. എളുപ്പത്തിലുള്ള വഴി എടുക്കരുത്. അത് കാര്യങ്ങളെ കൂടുതൽ വഷളാക്കുകയേയുള്ളൂ.

## നിങ്ങളുടെ സന്തോഷം സൂക്ഷിക്കുക ദൈവത്തിന് സ്തുതി കൊടുക്കുക

അബ്രഹാം ദൈവത്തിന് മഹത്വം കൊടുത്തു (റോമർ 4:20). നിങ്ങൾക്ക് പ്രത്യാശ ഉണ്ടാകുമ്പോൾ, നിങ്ങൾക്ക് സന്തോഷം ഉണ്ട്. എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് പ്രത്യാശയുണ്ട് - വചനം എന്തിലാണ് പറയുന്നുവോ - നിങ്ങൾക്ക് ആനന്ദിക്കുവാൻ കഴിയും. സന്ദർഭങ്ങളാൽ നിങ്ങൾ ആനന്ദിക്കുന്ന സമയങ്ങളുണ്ട്. എന്നാൽ അപ്പോൾ പ്രത്യാശയിലും നിങ്ങൾ ആനന്ദിക്കുന്ന സമയങ്ങളുണ്ട്. നിങ്ങളിൽ ചെറിയ കുട്ടികൾ ഉള്ളവർക്ക് അറിയാം, അവരുടെ ജന്മദിനം അടുത്തുവരുമ്പോൾ എത്രമാത്രം അവർ ഉത്തേജിപ്പിക്കപ്പെട്ടവരാണെന്ന്. ഞങ്ങളുടെ മകൾ രൂത്ത് ഈയിടെ അവളുടെ ജന്മദിനം ആഘോഷിച്ചപ്പോൾ, തലേ ആഴ്ച മുതൽക്കേ അവൾ അത് നോക്കിക്കൊണ്ടിരിക്കുവാൻ തുടങ്ങി. അവൾ "പ്രത്യാശയിൽ ആനന്ദിക്കുകയായിരുന്നു." യഥാർത്ഥമായും അവൾ ഉത്തേജിക്കപ്പെട്ടിരുന്നു, അവളുടെ ജന്മദിവസത്തിന്റെ തലേരാത്രിയിൽ അവൾ പറഞ്ഞു, "ഡാഡി നാളെ രാവിലെ ഞാൻ ഉണരുമ്പോൾ

നീ പറയണം, Good morning birthday girl" എന്ന്. സത്യം ഇതാണ് അടുത്തദിവസം അവൾ ജന്മദിനം ആഘോഷിക്കുവാൻ പോകുകയാണ്, സന്തോഷം "ഇപ്പോൾ" കൊണ്ടുവന്നു. അവളുടെ ജന്മദിനം ആയിട്ടില്ലായിരുന്നു, എന്നാൽ അവൾക്കുണ്ടായിരുന്ന പ്രത്യാശയാൽ അവൾ സന്തോഷവതിയായിരുന്നു. ക്രിസ്ത്യാനികൾ എന്ന നിലക്ക്, നമ്മൾ പ്രത്യാശയിൽ ആനന്ദിക്കുന്നു. നമ്മൾ ആനന്ദിക്കുന്നത്, ദൈവം കാര്യങ്ങളെ ചുറ്റുവട്ടത്തിൽ തിരിച്ചുതരുമെന്നും നമ്മളുടെ സന്ദർഭങ്ങൾക്ക് മാറ്റും വരും എന്നതിനാലാണ്. നമ്മൾ പ്രത്യാശയിൽ ആനന്ദിക്കുന്നു.

"എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവുംകൊണ്ട് നിങ്ങളെ നിറയ്ക്കുമാറാകട്ടെ" (റോമർ 15:13).

"ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ" (റോമർ 12:12).

നമുക്കു പ്രത്യാശയിൽ പെരുകുവാൻ കഴിയും, പ്രത്യാശയുടെ ദൈവം നമ്മളെ സന്തോഷത്താലും സമാധാനത്താലും നിറയ്ക്കുന്നു. നമ്മൾ വിശ്വസിക്കുമ്പോൾ, നമ്മുടെ ജീവിതങ്ങളിൽ സന്തോഷവും സമാധാനവും വരുന്നു. ചില സമയങ്ങളിൽ കാത്തിരിക്കുന്നത് വളരെ നീണ്ടുപോകുമ്പോൾ, ജനങ്ങൾ പരാതിപ്പെടുവാനും മുറുമുറുക്കുവാനും തുടങ്ങുന്നു. അവർ ചെയ്യുവാൻ ആവശ്യമായിരിക്കുന്നത് പ്രത്യാശയുടെ ഒരു ഛായാചിത്രം അവർക്ക് ഉണ്ടാകണം. ഇപ്പോഴത്തെ സന്ദർഭങ്ങളാൽ മനഃക്ഷോഭം വരുത്തുന്നതിനു പകരം പ്രത്യാശയുടെ ഒരു ഛായാചിത്രം നിലനിർത്തണം. നിങ്ങൾക്ക് സന്തോഷവും സമാധാനവും ഉണ്ടാകും, ഒരു ദിവസം ഛായാചിത്രം ഒരു യാഥാർത്ഥ്യമായിത്തീരും എന്ന് അറിയുന്നതുകൊണ്ട്.

"എന്റെ ആത്മാവേ, നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നതെന്ത്? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശകര

ക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും" (സങ്കീർത്തനങ്ങൾ 42:5).

"ഞാനോ എപ്പോഴും പ്രത്യാശിക്കും; ഞാൻ മേൽക്കുമേൽ നിന്നെ സ്തുതിക്കും" (സങ്കീർത്തനങ്ങൽ 71:14).

ഒരാൾക്ക് പ്രത്യാശ ഉണ്ടായിരിക്കുമ്പോൾ അവിടെ ആനന്ദ ത്തിന്റെ ഒരു വിവേകവും ദൈവത്തെ സ്തുതിക്കുന്നതിനുള്ള ഒരു കഴിവും ഉണ്ട്. ഇത് നിങ്ങൾ ഇപ്പോൾ വായിച്ചുകൊണ്ടിരിക്കു മ്പോൾ, നിങ്ങൾ പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിന്റെ നടുവിൽ ആയിരിക്കാം, നിങ്ങൾ പറയുന്നുണ്ടായിരിക്കാം, ''എനിക്ക് എങ്ങനെ സന്തോഷമായിട്ട് ഇരിക്കുവാൻ കഴിയും?" വേദപു സ്തകം പറയുന്നു, "പ്രത്യാശയിൽ ആനന്ദിക്കുവാൻ!" നമുക്ക് ദൈവത്തെ എങ്ങനെ സ്തുതിക്കുവാൻ കഴിയും? നമുക്ക് ദൈവത്തെ സ്തുതിക്കുവാൻ കഴിയും എന്തുകൊണ്ടെന്നാൽ നമു ക്കുള്ള പ്രത്യാശയാൽ. ഇന്ന്, കാര്യങ്ങൾ മോശമായി കാണുന്നു ണ്ടായിരിക്കാം. ഇന്ന് സന്ദർഭങ്ങൾ കഠിനമായിരിക്കാം. എന്നാലും നിങ്ങൾക്ക് അവനെ സ്തുതിക്കുവാൻ കഴിയും, എന്തുകൊണ്ടെ ന്നാൽ, ഈ കാര്യങ്ങൾ അധികനാൾ നിൽക്കുവാൻ പോകുന്നി ല്ലെന്ന് നിങ്ങൾക്ക് അറിയാവുന്നതുകൊണ്ട്. വേദപുസ്തകത്തിലെ ദൈവം ആണ് പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റുവട്ടത്തി ലേക്ക് തിരിക്കുന്നത്. അവൻ അത് നിങ്ങൾക്കുവേണ്ടി ചെയ്യും. നിങ്ങളുടെ പ്രത്യാശ ജീവനുള്ളതായി വെക്കുക. പ്രത്യാശയിൽ വിശ്വസിക്കുക.

ഞങ്ങൾ പാടുന്നതായ ഒരു പാട്ടുണ്ട്. ഈ പാട്ടിലെ വാക്കു കൾ വളരെ പ്രോത്സാഹനം തരുന്നതാണ്.

## Praise the Lord

When you're up against a struggle
That shatters all your dreams
And your hope has been cruelly crushed

By Satan's manifesting Scheme
And you feel the urge within you
To submit to earthly fears
Don't let the faith you're standing in, seem to disappear
(Chorus)
Praise the Lord
He can work through those who praise Him,
Praise the Lord
For our God inhabits praise
Praise the Lord
For the chains that seem to bind you
Serve only to remind you that they drop powerless behind you
When you praise Him

Now Satan is a liar
And he wants to make us think
That we are paupers
When he knows himself
We're children of the King
So lift up the might shield of faith
For the battle has been won
We know that Jesus Christ has risen
So the work's already done

Imperials album HEED THE CALL released on Day spring (Word) 1979
Words and music by Brown Bannister and Mike Hudson

ഈ പുസ്തകം വായിച്ചുകൊണ്ട് നിങ്ങൾ പറയുന്നുണ്ടായിരിക്കും "ഞാൻ പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിലാണ്." ഇത്

നിങ്ങളുടെ വിവാഹമോ, നിങ്ങളുടെ ഭവനമോ, കുഞ്ഞുങ്ങളോ, ധനമോ, ജോലിയോ, ജീവിതഗതിയോ, അല്ലെങ്കിൽ വ്യാപാരമോ ഏതെങ്കിലും ആയിരിക്കാം - ജീവിതത്തിലെ എന്തെങ്കിലും ആയിരിക്കാം. നമ്മൾ എല്ലാവരും അതുപോലെയുള്ള ചുറ്റുപാടുകളെ അഭിമുഖീകരിക്കുന്നു. ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് - **പ്രത്യാശ നഷ്ടപ്പെടുത്തരുത്**. പ്രത്യാശ നഷ്ടപ്പെടുത്തരുത് എന്നുള്ളത് വളരെയധികം പ്രാധാന്യമേറിയതാണ്. നിങ്ങൾ പ്രത്യാശ നഷ്ടപ്പെടുത്തുമ്പോൾ, നിങ്ങളുടെ അകത്തെ മനുഷ്യൻ ക്ഷീണിക്കുന്നു. നിങ്ങൾ പ്രത്യാശ നഷ്ടപ്പെടുത്തുമ്പോൾ, നിങ്ങൾ നങ്കൂരമില്ലാത്ത ഒരു കപ്പൽ പോലെയാകുന്നു. നിങ്ങൾ താഴുവാൻ തുടങ്ങുവാൻ സാദ്ധ്യതയുണ്ട്. നിങ്ങൾ പ്രത്യാശ നഷ്ടപ്പെടുത്തുമ്പോൾ, വിശ്വാസം അഭ്യസിക്കുവാൻ വളരെ പ്രയാസം ആണ്. എന്തുകൊണ്ടെന്നാൽ പ്രത്യാശയില്ലാതെ നിങ്ങൾക്ക് വിശ്വാസമുണ്ടായിരിക്കുവാൻ കഴിയില്ല.

ദൈവത്തിലും അവന്റെ വചനത്തിലും പ്രത്യാശ വെക്കുക. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ദൈവം എന്താണ് സംസാരിച്ചിട്ടുള്ളതെന്ന് ഓർത്തുനോക്കുക. നിങ്ങളുടെ ഭവനത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചും എന്താണ് ദൈവത്തിന്റെ വാഗ്ദത്തം? നിങ്ങൾ സ്വീകരിച്ച വാഗ്ദത്തങ്ങളെ മുറുകെ പിടിക്കുക. നിങ്ങളുടെ പ്രത്യാശക്ക് അവന്റെ വചനം കാരണമാക്കുക. എന്തുകൊണ്ടെന്നാൽ ദൈവം ഇതു പറഞ്ഞു, നിങ്ങളുടെ സന്ദർഭങ്ങൾക്ക് മാറ്റം വരും എന്ന് പ്രത്യാശയുള്ളവരായിത്തീരുക. ദൈവത്തിന്റെ വാഗ്ദത്തം നിറവേറപ്പെടുമ്പോൾ അത് എങ്ങനെ ആയിരിക്കും എന്നുള്ളതിന്റെ ഒരു ഛായാചിത്രം നിങ്ങളുടെ മനസ്സിൽ ഉണ്ടായിരിക്കുക. നിങ്ങളുടെ പ്രത്യാശ ജീവനോടെ വെക്കുന്നതിന് ഇത് വളരെയധികം സഹായിക്കും.

"എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും **അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ ദൈവത്തിനു കഴിയും"** (എഫെസ്യർ 3:20).

- ദൈവം സംസാരിച്ചതുപോലെ നിങ്ങൾ ആയിത്തീരും എന്നുള്ള പ്രത്യാശയിൽ വിശ്വസിക്കുക.
- പ്രത്യാശയില്ലാത്ത ചുറ്റുപാടുകൾ നിങ്ങളുടെ പ്രത്യാശയെ മരവിപ്പിക്കുന്നതിന് അനുവദിക്കരുത്.
- ദൃഢനിശ്ചയവും സഹനശക്തിയും പ്രകടിപ്പിക്കുക.
- നിങ്ങളുടെ സന്തോഷം സൂക്ഷിക്കുക, ദൈവത്തിന് സ്തുതി കൊടുക്കുക.

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടു വീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു

ഉണർവ്വ് ഒരു സഭ ഉണർവിൽ

സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദമായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നടത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തിയാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവിനുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കുന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരിപൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ ഒരു ‘സമ്മാനം’ ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ" ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

**സമ്പർക്ക വിവരം:**


**All Peoples Church & World Outreach**
2nd Floor, No 7M, 2nd Block,
HRBR Layout, Kalyan Nagar,
Bangalore - 560 043

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, “പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ” (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചു പോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" (അപ്പൊ. പ്ര. 10:43).

"യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

## **Notes**

# Notes

**Notes**

നമ്മുടെ ജീവിതങ്ങൾ, ചില സമയങ്ങളിൽ, അപ്രതീക്ഷിതമായി തിരിക്കപ്പെടുന്നു. നമ്മൾ, നമ്മളെത്തന്നെ ഒരു കൊടുങ്കാറ്റിന്റെ നടുവിൽ ആണെന്ന് കണ്ടുപിടിച്ചേക്കാം. എല്ലായ്പ്പോഴും നമ്മുടെ ജീവിതയാത്രയിൽ വെല്ലുവിളികളും പോരാട്ടങ്ങളും ഉണ്ട്. ചില സമയങ്ങളിൽ, വേറെ ഒരിടത്തേക്കും തിരിയുവാൻ സാധിക്കാത്തവിധത്തിൽ ഒരു പാതയുടെ അവസാനത്തിലാണെന്ന് നമ്മൾ നമ്മളെത്തന്നെ കണ്ടുപിടിച്ചേക്കാം.

ഇപ്പോൾതന്നെ, നിങ്ങൾ, പ്രത്യാശയില്ലാത്ത ഒരു ചുറ്റുപാടിന്റെ നടുവിൽ ആയിരിക്കാം – നിങ്ങളുടെ ജോലിയിലോ, ജീവിതഗതിയിലോ, വിദ്യാഭ്യാസത്തിലോ, ഭവനത്തിലോ, വിവാഹത്തിലോ, കുടുംബത്തിലോ ഏതിലെങ്കിലും ആയിരിക്കാം. നിങ്ങളുടെ ജീവിതത്തിൽ അനേകകാര്യങ്ങൾ തെറ്റായിപ്പോയിരിക്കാം. ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കട്ടെ, വേദപുസ്തകത്തിലെ ദൈവം മരിച്ചവർക്കു ജീവൻ കൊടുക്കുന്നതിനായി പ്രത്യേകാഭ്യാസം ചെയ്യുന്നു – ചുറ്റുപാടുകൾക്കും സന്ദർഭങ്ങൾക്കും, അത് മരിച്ചെന്നും പ്രത്യാശയില്ലെന്നും തോന്നുമ്പോഴും. ദൈവം പ്രത്യാശയില്ലാത്ത ചുറ്റുപാടുകളെ ചുറ്റുവട്ടത്തിൽ തിരിക്കുവാൻ പ്രത്യേകാഭ്യാസം ചെയ്യുന്നു. അവനെ നിങ്ങളുടെ വശത്തുവെച്ചുകൊണ്ട്, പ്രത്യാശിക്കുന്നതിന് യാതൊരു കാരണവും ഇല്ലാത്തപ്പോഴും, നിങ്ങൾക്കു പ്രത്യാശിക്കുവാൻ കഴിയും.

എല്ലാം പ്രത്യാശയില്ലാത്തതായി കാണുമ്പോഴും, നിങ്ങൾക്ക് ഒരു ജയാളിയായി വരുവാൻ കഴിയും. ഈ പുസ്തകം പ്രോത്സാഹനത്തിന്റെ ലഘുവായ വചനങ്ങളെ കൊണ്ടുവരുന്നു, പ്രത്യാശ നഷ്ടപ്പെടുത്തരുതെന്ന് നമ്മളെ ഉപദേശിക്കുന്നു. ദൈവത്തിലും അവന്റെ വചനത്തിലും പ്രത്യാശ വെക്കുക. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ദൈവം എന്താണ് സംസാരിച്ചിട്ടുള്ളതെന്ന് ഓർത്തുനോക്കുക.:

**പ്രത്യാശ നഷ്ടപ്പെടുത്തരുത്!**

**അഷീഷ് റായിച്ചൂർ**